ESTABLISHED 1888
ബിസിനസ് മനോരമ
www.manoramaonline.com/business
മലയാളത്തിന്റെ ധനപത്രം
11th July 2011

# കേരളത്തെ രക്ഷിക്കാൻ

**കേരളത്തിൽ കേര കൃഷി ലാഭകരമാക്കാനുള്ള വഴികളെപ്പറ്റി നാളികേര വികസന ബോർഡിന്റെ ചെയർമാൻ ടി.കെ. ജോസ്**

എം.ഡി.വർഗീസ്

കൊച്ചി: കരിക്ക് വിപണിക്കു വേരുപിടിച്ചതോടെ തെങ്ങിന്റെ തലയെടുപ്പും പച്ചപ്പും തിരിച്ചുവരുന്നു. തേങ്ങയുടെ മൊത്തം ഉൽപാദനത്തിന്റെ നാലിലൊന്നു കരിക്കായി ഉപയോഗിക്കുക എന്ന ലക്ഷ്യം കയ്യെത്താവുന്ന ഉയരത്തിലായെന്നാണു നാളികേര വികസന ബോർഡിന്റെ കണക്കുകൂട്ടൽ. തീർന്നില്ല, കർഷക കൂട്ടായ്മയും യന്ത്രവൽകരണവും തെങ്ങു കൃഷി നേരിടുന്ന മുഖ്യ പ്രശ്നങ്ങൾക്കു പരിഹാരമാകുമെന്ന പ്രതീക്ഷയുമുണ്ട്.

നാളികേരം കേരളത്തിന്റെ സ്വന്തം വിളയെന്ന വിശ്വാസവും കടന്നുപോകുകയാണ്. രാജ്യത്ത് 18 സംസ്ഥാനങ്ങളിലും മൂന്നു യൂണിയൻ ഭരണ പ്രദേശങ്ങളിലും തെങ്ങ് കൃഷിയുണ്ട്. ഉൽപാദനത്തിലും കൃഷിയിടത്തിലും സംസ്ഥാനത്തിന് ഒന്നാം സ്ഥാനം എത്രകാലം നിലനിർത്താമെന്ന ചോദ്യവും ബാക്കിനിൽക്കുന്നു. എന്തായാലും ഉൽപാദനക്ഷമതയിൽ കേരളം ഒൻപതാം സ്ഥാനത്തേക്ക് തള്ളപ്പെട്ടുകഴിഞ്ഞു. അയൽ സംസ്ഥാനങ്ങൾക്കു പുറമെ, വടക്കുകിഴക്കൻ മേഖലയിൽ വരെ കൃഷി അതിവേഗം വ്യാപിക്കുന്നു. മെച്ചപ്പെട്ട പരിചരണം ലഭിക്കുന്ന ഈ പുതുക്കൃഷിക്കു രോഗബാധ താരതമ്യേന കുറവുമാണ്.

കേരളത്തിൽ കൃഷിഭൂമിയും ഉൽപാദനക്ഷമതയും കുറയുന്ന പ്രവണത പ്രകടം. ബോർഡിന്റെ കണക്കനുസരിച്ച് 2008–2009 r കൃഷിയിടം 787000 ഹെക്ടറും ഉൽപാദന ക്ഷമത ഹെക്ടറിന് 73 തേങ്ങയുമായി താണു. തമിഴ്നാട്ടിലെ ഉൽപാദനക്ഷമത 137 തേങ്ങയും ബംഗാളിന്റേത് 12430 ഉം ലക്ഷദ്വീപിന്റേത് 19630 ഉം ആണ്. ആന്ധ്രാപ്രദേശും (9327), അസമും (7824), ഗുജറാത്തും (9851) കേരളത്തിന് മുകളിൽ തന്നെ നിൽക്കുന്നു. രാജ്യത്താകെ ഉൽപാദിപ്പിക്കുന്ന 157 കോടി തേങ്ങയിൽ കേരളത്തിന്റെ വിഹിതം 58 കോടി (36.89%). തമിഴ്നാട് 53.65 കോടി തേങ്ങയുമായി (34.11%) തൊട്ടു താഴെ നിൽക്കുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ കണക്കുകൾ ലഭിക്കുമ്പോൾ, അവർ കേരളത്തെ കടത്തിവെട്ടിയിട്ടുണ്ടാവുമെന്നാണു സൂചന. തമിഴ്നാട്ടിൽ നിന്നുള്ള വെളിച്ചെണ്ണയുടെ കുത്തൊഴുക്ക് വിപണിയെ വല്ലാതെ സ്വാധീനിക്കുന്നുമുണ്ട്. വെളിച്ചെണ്ണയുടെ ഉത്തരേന്ത്യൻ വിപണി കേരളത്തിനു നഷ്ടപ്പെടുകയും ചെയ്തു.

'കുടുംബശ്രീ' യെ വിജയത്തിലെത്തിക്കാനും ദേശീയ അംഗീകാരം നേടാനും നേതൃത്വം നൽകിയ ഊർജസ്വലനായ ബ്യൂറോക്രാറ്റ് ടി.കെ. ജോസ് നാളികേര വികസന ബോർഡിന്റെ ചെയർമാനായി ചുമതലയേറ്റിട്ട് ആഴ്ചകളെ പിന്നിട്ടിട്ടുള്ളൂ. എന്നിരുന്നാലും ഈ മേഖല നേരിടുന്ന വെല്ലുവിളികളും കേര കർഷകന്റെ ആകുലതകളും അദ്ദേഹത്തിനു നന്നായറിയാം. 'കുടുംബശ്രീ' മാതൃക ഈ മേഖലയിലേക്ക് കൊണ്ടുവരുകയും ഹ്രസ്വ ദീർഘകാല പദ്ധതികൾ സമഗ്ര സ്വഭാവത്തോടെ അവതരിപ്പിക്കുകയും ചെയ്തുകൊണ്ട്, പ്രശ്നങ്ങൾക്കു പരിഹാരം കാണാനാകുമെന്ന് ഉറച്ച വിശ്വാസവും ചെയർമാൻ പ്രകടിപ്പിക്കുന്നു.

കരിക്കിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ, അടിയന്തരമായി വേണ്ടതു ലഭ്യത സുഗമവും സുസ്ഥിരവുമാക്കലാണ്. ഉൽപാദനത്തിൽ 25% കരിക്കായി ഉപയോഗിക്കുമ്പോൾ കൃഷിക്കാരനു നല്ല ആദായം കിട്ടുമെന്നു മാത്രമല്ല, കൊപ്രയുടെ ലഭ്യത കുറയാനും വെളിച്ചെണ്ണ വില കൂടാനും വഴിയൊരുങ്ങും. ഡൽഹിയിൽ മാത്രം പ്രതിദിനം പ്രധാന കേന്ദ്രങ്ങളിലേക്ക് ഒരു ലക്ഷത്തിലേറെ കരിക്കിന് ആവശ്യക്കാരുണ്ട്. കുമരകത്തെ ഹൗസ് ബോട്ടുകൾക്കു മാത്രം വേണ്ടതു പ്രതിദിനം 20,000 കരിക്കാണ്. ചകിരിയും ചിരട്ടയും അകക്കാമ്പും ചേർത്തു കരുതിവയ്ക്കുന്ന ഇളനീർ ഏറ്റവും പരിശുദ്ധമായ ആരോഗ്യ പാനീയമാണെന്ന വിശ്വാസം ലോകമെമ്പാടും വ്യാപിക്കുന്നു.

പായ്ക്കറ്റിലാക്കിയ കരിക്കിൻ വെള്ളത്തിനു രാജ്യത്തും വിദേശത്തും പ്രിയം വർധിക്കുന്നു. ഇതിനുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചു പ്രവർത്തിക്കുന്ന അഞ്ച് യൂണിറ്റുകൾ നിലവിലുണ്ട്. അതിലൊന്നുപോലും കേരളത്തിലില്ലെന്നതു വേറെ കാര്യം.

കരിക്കിന്റെ ലഭ്യത ഉറപ്പു വരുത്താൻ തെങ്ങിൽ കയറാൻ ആള് വേണം. യന്ത്രങ്ങളുണ്ടെങ്കിലും ഉപയോഗിക്കുന്നവർ പരിമിതം. ഇവിടെയാണ് 'കുടുംബശ്രീ' മാതൃക ഉപയോഗപ്പെടുത്തുന്നതെന്നു ടി.കെ. ജോസ് വിശദമാക്കി. ചങ്ങാതി കൂട്ടങ്ങളുണ്ടാക്കി, ബൈക്കുകളും യന്ത്രങ്ങളും നൽകി പ്രാദേശിക തലത്തിൽ തെങ്ങ് കയറാൻ ആളെ കൂട്ടുകയാണു ലക്ഷ്യം. ഉയർന്ന വരുമാനവും തൊഴിൽ മാന്യതയും ഉറപ്പാക്കിയാൽ, ഇതു സാധ്യമെന്ന് അദ്ദേഹത്തിന് ഉത്തമ ബോധ്യവുമുണ്ട്. 5000 പേരെയാണ്, ഇത്തരത്തിൽ ചിങ്ങം ഒന്നിനു രംഗത്തിറക്കുന്നത്. പഞ്ചായത്തുകൾ, സഹകരണ സംഘങ്ങൾ, കൃഷിക്കാരുടെ കൂട്ടായ്മകൾ തുടങ്ങിയവയെല്ലാം ഇതിനോടു സഹകരിക്കുന്നു.

ഇതിനിടയ്ക്ക് ട്രാക്ടറിലും മറ്റും ഘടിപ്പിക്കാവുന്ന തെങ്ങു കയറ്റ യന്ത്രങ്ങൾ വികസിപ്പിക്കാനും ശ്രമം നടക്കുന്നു. ഓരോന്നിനും ഏഴു ലക്ഷം രൂപയോളം ചെലവ് വരുമെന്നാണു കണക്കാക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ നിർമിക്കുമ്പോൾ, വില കുറയുകയും ചെയ്യും. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതിയും ഇതിനോടൊപ്പമുണ്ട്. ഉയരംകുറഞ്ഞ തെങ്ങുകളുടെ വിത്തിനങ്ങൾ വികസിപ്പിക്കുന്നതിന്, കേന്ദ്ര ഗവേഷണ കേന്ദ്രങ്ങൾ, ഐഐടി, എൻജിനീയറിങ് കോളജുകൾ തുടങ്ങിയവയുമായി ചേർന്നാണു ഗവേഷണങ്ങൾ നടക്കുന്നത്. 20 വർഷമെങ്കിലും നിലത്തു നിന്ന് തേങ്ങ പറിക്കാവുന്ന തെങ്ങ് എന്ന ആശയത്തിന്റെ സാക്ഷാൽകാരവും വൈകാനിടയില്ല.



*നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്.*
*ചിത്രം മനോരമ*

റബർ ഉൽപാദക സംഘങ്ങളുടെ മാതൃകയിലുള്ള കേര കർഷക കൂട്ടായ്മ ഈ മേഖലയുടെ നിരവധി പ്രശ്നങ്ങൾക്കു പ്രതിവിധിയാകുമെന്നു ടി.കെ. ജോസ് ചൂണ്ടിക്കാട്ടി. ചെറിയ കൃഷിയിടങ്ങളായാൽ, തെങ്ങുകളുടെ പരിചരണം, രോഗബാധ തടയൽ തുടങ്ങിയവയെല്ലാം ഫലപ്രദമായി നടത്താൻ കഴിയുകയില്ല. തേങ്ങ ഒന്നിച്ചു സംഭരിച്ചു ഗ്രേഡ് ചെയ്തു വിൽക്കുമ്പോൾ ഉയർന്ന വില കിട്ടും. കാർഷിക മന്ത്രാലയം, കാർഷിക സർവകലാശാല, കൃഷിഭവനുകൾ, സഹകരണ സംഘങ്ങൾ, കർഷകരുടെ കൂട്ടായ്മകൾ എന്നിവയെല്ലാം കൈകോർത്തു വേണം ഇതു സാധിക്കാൻ. കൊക്കൊ, ജാതി, ഇഞ്ചി, മഞ്ഞൾ, വാഴ എന്നിവയെല്ലാം ഇടവിളയായി കൃഷി ചെയ്തു വരുമാനം കൂട്ടാനും സാധിക്കും. ഇവയെല്ലാം വളരാൻ അനുവദിക്കുന്നതാണ് തെങ്ങിന്റെ പ്രകൃതം.

വെളിച്ചെണ്ണയെ മാത്രം ആശ്രയിച്ചു നാളികേരത്തിന് ഉയർന്ന വില ലഭിക്കുക അസാധ്യമെന്ന യാഥാർഥ്യം അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. എന്നാൽ ഉൽപാദന വൈവിധ്യവൽകരണത്തിനു ശ്രമം വേണ്ടത്രയില്ലതാനും. പായ്ക്കറ്റിലാക്കിയ ഇളനീർ, നീര, വെർജിൻ ഓയിൽ, ഡസിക്കേറ്റഡ് കോക്കനട്ട്, തേങ്ങാപ്പൂള് തുടങ്ങിയവയ്ക്കെല്ലാം വിപണി സാധ്യതയേറെ. ഇതിനു സാങ്കേതിക വിദ്യയും ലഭ്യമാണ്. കർഷക കൂട്ടായ്മകൾക്കു തൊട്ടു വൻകിട സംരംഭങ്ങൾക്കു വരെ സാങ്കേതിക വിദ്യയും സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ബോർഡ് തയാറാണെന്നു ചെയർമാൻ പറഞ്ഞു. 50 ലക്ഷം വരെയാണ്, ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി.

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ, പുതിയ തൈ നടൽ, പരിചരണം, ഇൻഷുറൻസ് തുടങ്ങിയവയ്ക്കായി കഴിഞ്ഞ വർഷം കോക്കനട്ട് ഡവലപ്മെന്റ് ബോർഡിനായി ബജറ്റിൽ വകകൊള്ളിച്ചത് 106.40 കോടി രൂപയാണ്. ഈ വർഷം പദ്ധതി തുടരുന്നതിന് 50 കോടി രൂപയും പുതിയ പദ്ധതികൾക്കായി 36 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, തൃശൂർ ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത്. കേര കർഷകർക്ക്, സ്വന്തം ബാങ്ക് അക്കൗണ്ടിൽ ആനുകൂല്യമെത്തിച്ച്, ഇടനിലക്കാരെ ഒഴിവാക്കാനാകുമെന്നത് ഇതിന്റെ സവിശേഷതയാണ്.

കേരളത്തിൽ രോഗം ബാധിച്ച 9 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റാനുണ്ടെന്നു കണക്കാക്കുന്നു. ഇതിൽ നിന്ന് 45 ലക്ഷം ഘന അടി തടി ലഭിക്കും. വീട്, ഫർണിച്ചർ, പ്ലൈവുഡ് തുടങ്ങിയവയ്ക്ക് ഇത് അനുയോജ്യമാണെന്നു പഠനം വ്യക്തമാക്കിയിട്ടുണ്ട്. തേങ്ങയ്ക്കു പുറമെ, തടി, ചകരി, ചിരട്ട തുടങ്ങിയവയെല്ലാം കൂടിയാകുമ്പോൾ, തെങ്ങ് അക്ഷരാർഥത്തിൽ കർഷകിനു കൽപവൃക്ഷം തന്നെ.

തെങ്ങിന്റെ കാർഷിക, വ്യാവസായിക വാണിജ്യ സാധ്യതകൾ ഉപയോഗപ്പെടുത്താനുള്ള സമഗ്ര പദ്ധതിയാണു ബോർഡിന്റെ ലക്ഷ്യമെന്നും കേര കർഷകന്റെ മേൽഗതി ഇതുകൊണ്ടു നേടിയെടുക്കാനാകുമെന്നും ടി.കെ. ജോസ് വ്യക്തമാക്കി.